(ബി) ഉണ്ട്. തിരുവനന്തപുരത്ത് വേളിയിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ശുദ്ധീകരിക്കാത്ത മലിനജലം വേളിപ്രദേത്തുള്ള തീരക്കടലിൽ ഒഴുകുന്നതുമൂലം വേളി പ്രദേശത്തെ തീരക്കടലിലെ ജീവസമ്പത്തിന് കുറവുവന്നിട്ടുള്ളതായി പഠനങ്ങൾ വ്യക്തമാക്കുന്നു വെന്ന് തിരുവനന്തപുരത്തുള്ള സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സെസ്സ്) വെളിപ്പെടുത്തിയിട്ടുണ്ട്.

(സി) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സെസ്സ്) നടത്തിയ പഠനം അനുസരിച്ച് തീരക്കടലിൽ അസിഡിറ്റിയും ഘനലോഹങ്ങളുംകൊണ്ടുള്ള മലി നീകരണം ബാധിച്ചിട്ടുള്ളതായും തീരക്കടലിൽ ജൈവ സമ്പത്തിന് വമ്പിച്ച കുറവു സംഭവിച്ചതായും കാണാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ടിൽ ആവശ്യമായ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കണമെന്ന് കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയോട് ആവശ്യപ്പെട്ടുവരുന്നു. എന്നാൽ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിൽ വന്ന കേസ് പ്രകാരം 30 മാസത്തെ സമയം എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനായി 2003 ഒക്ടോബറിൽ അനുവ ദിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ കമ്പനി കൈക്കൊള്ളുന്നതായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി അനുവദിച്ച സമയം 2006 ഏപ്രിൽ മാസം വരെയുണ്ട്.

എലത്തൂർ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ

87 [2586] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ എത്ര മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഓരോ സംഘത്തിലും അംഗങ്ങൾ എത്രയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആറ് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുണ്ട്.

(ബി)

എലത്തൂർ	..	410
പുതിയങ്ങാടി എലത്തൂർ	..	1674
പുതിയാപ്പ (സൗത്ത്)	..	387
പുതിയാപ്പ (നോർത്ത്)	..	501
വെള്ളയിൽ എലത്തൂർ (വനിത)	..	236
എരഞ്ഞിയ്ക്കൽ ഉൾനാടൻ	..	36

LIBRARY ARCHIVES Kerala Legislative Assembly